# കേരള സർവകലാശാല

നം. പി.ആർ.056/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എ ഫലം

2017 സെപ്റ്റംബറിൽ നടത്തിയ ബി.എ (ആന്വൽ സ്കീം) പാർട്ട് മൂന്ന് മെയിനും സബ്സിഡിയറിയും പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പ്രസ്തുത പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ഏപ്രിലിൽ ആരംഭിക്കുന്ന പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 15, 50 രൂപ പിഴയോടെ മാർച്ച് 20, 125 രൂപ പിഴയോടെ മാർച്ച് 23 വരെയും ഫീസടച്ച് അപേക്ഷിക്കാം. മുൻപ് ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ തുടർന്നും ഓൺലൈനായി അപേക്ഷിക്കണം.

## ചുമതലയേറ്റു

കേരള സർവകലാശാല, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസസിന്റെ ഡയറക്ടറായി കാര്യവട്ടം ധനതത്വശാസ്ത്ര വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. സിദ്ദിക്ക്.ആർ മാർച്ച് ഏഴിന് ചുമതലയേറ്റു.

## ബി.കോം ഫലം

2017 ജൂലൈയിൽ നടത്തിയ സി.ബി.സി.എസ് ബി.കോം നാലാം സെമസ്റ്റർ 2015 അഡ്മിഷൻ (റഗുലർ), 2014 അഡ്മിഷൻ (ഇംപ്രൂവ്മെന്റ്), 2013 അഡ്മിഷൻ (സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി മാർച്ച് 28. വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്ന കരട് മാർക്ക്‌ലിസ്റ്റ് ഉപയോഗിക്കാം.

## സിൻഡിക്കേറ്റ് യോഗം

സിൻഡിക്കേറ്റ് യോഗം മാർച്ച് 24-ന് രാവിലെ 10 മണിക്ക് സർവകലാശാല ആസ്ഥാനത്ത് നടക്കും.

## ബി.സി.എ പ്രാക്ടിക്കൽ

2017 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.സി.എ ഡിഗ്രി കോഴ്സിന്റെ (റഗുലർ - 2016 അഡ്മിഷൻ, 2013, 2014 & 2105 അഡ്മിഷൻ സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 12 മുതൽ 15 വരെ അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ/എം.കോം പരീക്ഷ

ഏപ്രിലിൽ നടത്തുന്ന ഒന്നാം വർഷ എം.എ/എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 19, 50 രൂപ പിഴയോടെ മാർച്ച് 22, 125 രൂപ പിഴയോടെ മാർച്ച് 24 വരെയും അപേക്ഷിക്കാം. അപേക്ഷകൾ ഓഫ്‌ലൈനായി സമർപ്പിക്കേണ്ടതാണ്. പരീക്ഷകൾ ഏപ്രിൽ 16-ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ ഫലം

2017 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ ഹിന്ദി, പൊളിറ്റിക്കൽ സയൻസ്, എം.എസ്‌സി ജ്യോഗ്രഫി, എൻവയോൺമെന്റൽ സയൻസ്, ബയോകെമിസ്ട്രി, പോളിമർ കെമിസ്ട്രി എന്നിവയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി സർട്ടിഫിക്കറ്റ് ഇൻ ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് – അഡ്മിനിസ്ട്രേഷൻ കോഴ്സ് – തീയതി നീട്ടി

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് – അഡ്മിനിസ്ട്രേഷൻ കോഴ്സിന് മാർച്ച് 17 വരെ അപേക്ഷിക്കാം. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം. കോഴ്സ് ദൈർഘ്യം: ആറ് മാസം. ഫീസ്: 9000 രൂപ (ഒൻപതിനായിരം രൂപ). നിയമ ബിരുദധാരികൾക്ക് ഫീസ് 8500 രൂപ. ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം. വിവരങ്ങൾക്ക്: 0471–2302523.

## പി.ജി സർട്ടിഫിക്കറ്റ് ഇൻ അഡോളസെന്റ് ആന്റ് പ്രീ-മാരിറ്റൽ കൗൺസലിംഗ് കോഴ്സ് – തീയതി നീട്ടി

തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ അഡോളസെന്റ് ആന്റ് പ്രീ-മാരിറ്റൽ കൗൺസലിംഗ് കോഴ്സിന് മാർച്ച് 17 വരെ അപേക്ഷിക്കാം. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം. കാലാവധി: നാല് മാസം. ഫീസ്: 7500 രൂപ. അപേക്ഷ ഫോറം: 100 രൂപ. അവസാന തീയതി: മാർച്ച് 17, ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം. ഫോൺ: 0471–2302523. അപേക്ഷാ ഫോറം പി.എം.ജി യിലെ സി.എ.സി.ഇ.ഇ ഓഫീസിൽ ലഭിക്കും.

## ബി.എ പ്രോജക്ട് മൂല്യനിർണ്ണയവും വാചാപരീക്ഷയും

2018 ഏപ്രിലിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വാചാപരീക്ഷയും മാർച്ച് 16 വെള്ളിയാഴ്ച തിരുവനന്തപുരം ഗവ. വിമെൻസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
09.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098